**No.CEE/71/3 LLB-2020/TA2**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## പഞ്ചവത്സര എൽഎൽ.ബി കോഴ്സ് പ്രവേശനം, 2020–21 ഓൺലൈൻ അലോട്ട്മെന്റ് (മോപ് അപ്) പ്രസിദ്ധീകരിച്ചു.

2020–21 വർഷത്തെ പഞ്ചവത്സര എൽഎൽ.ബി കോഴ്സുകളിൽ നിലവിൽ ഉണ്ടായിരുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റ് (മോപ്–അപ്) www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഒഴിവുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റിലേക്ക് മേൽ വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾ പുതുതായി സമർപ്പിച്ച ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

വെബ്സൈറ്റിലെ **'Five Year LL.B 2020- Candidate Portal'**-ലൂടെ **ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും** കൃത്യമായി നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Allotment Result'** എന്ന മെനു ഐറ്റത്തിൽ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ്, ഡെപ്പോസിറ്റ് തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. കൂടാതെ **'Data Sheet'** എന്ന **Menu**–വിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ടും എടുക്കാവുന്നതാണ്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ചവരും മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിന് മാറ്റം വന്നവരും അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ് ഓൺലൈനായോ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കിയ ശേഷം അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ക്ലോസ് **18** ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **23.10.2020** വൈകുന്നേരം **3.00** മണിയ്ക്കകം ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ഫീസ് ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്. നിർദ്ദിഷ്ട തീയതിക്കുള്ളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ നിലവിലുള്ള അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **23.10.2020 വൈകുന്നേരം 4.00** മണിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

**കുറിപ്പ്:** 1. *മുൻ ഘട്ടങ്ങളിലെ അലോട്ട്മെന്റുകൾ പ്രകാരം പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന പക്ഷം ഇതിനോടകം നേടിയിട്ടുള്ള പ്രവേശനം സ്വാഭാവികമായും നഷ്ടപ്പെടുന്നതിനാൽ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്നും ടി.സിയും അനുബന്ധ രേഖകളും കോളേജിൽ പ്രവേശനം നേടിയ സമയത്ത് അടച്ച തുകയും തിരികെ വാങ്ങി പുതിയ കോളേജിൽ നിർദ്ദിഷ്ട തീയതിക്കുള്ളിൽ തന്നെ പ്രവേശനം നേടേണ്ടതാണ്.*

2. *സർക്കാർ/സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിൽ 23.10.2020 വൈകുന്നേരം 3 മണിയ്ക്ക് ശേഷം ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ ബന്ധപ്പെട്ട കോളേജ് അധികൃതർക്ക് 31.10.2020 വൈകുന്നേരം 5 ന് മുമ്പായി സ്പോട്ട് അഡ്മിഷൻ മുഖേന നികത്താവുന്നതാണ്.*

ഹെൽപ്പ് ലൈൻ നമ്പർ: **0471–2525300**

തിരുവനന്തപുരം

20.10.2020

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**